വ്യക്തമായി പറഞ്ഞിരുന്നു. എന്നിട്ടും രണ്ടു കൊല്ലത്തിനുശേഷം പ്രസിദ്ധീകരിച്ച റൂളുകളിൽ അതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്താതിരുന്നതു് എന്തുകൊണ്ടാണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നിയമം നടപ്പായില്ലല്ലോ നിയമം നടപ്പിലാക്കാൻ പോകുകയാണു്. ചില ചില വ്യവസ്ഥകളെ സംബന്ധിച്ചു് റൂളുകളും കാലേകൂട്ടി തയാറാക്കി. മറ്റു റൂളുകളും തയാറാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ടീച്ചേഴ്സ് പ്രൊവിഡൻറ് ഫണ്ടിൽ ടീച്ചേഴ്സും ഗവണ്മെൻറും ക്രമീയാണോ കോൺട്രിബ്യൂട്ട് ചെയ്യുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയാണു് വ്യവസ്ഥ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അങ്ങനെയാണെങ്കിൽ മാനേജ്മെൻറുമാത്രം കോൺട്രിബ്യൂട്ട് ചെയ്യാൽ ആ പദ്ധതി നിശ്ചേഷ്ടമാകാതിരിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശരിയായി കോൺട്രിബ്യൂട്ട് ചെയ്തില്ലെങ്കിൽ ആ പദ്ധതി അതരീതിയിൽ നിശ്ചേഷ്ടമാകും.

ശ്രീമതി കുസുമം ജോസഫ് : അദ്ധ്യാപകന്മാരുടെ പല അവകാശങ്ങളും നിഷേധിച്ചുകൊണ്ടുള്ള ഈ റൂളുകളിൽ ഈ ഗവണ്മെൻറ് എപ്പോഴെങ്കിലാണു് അദ്ധ്യാപകന്മാർക്കു് ഗുണം വരുന്ന ഒരൊറ്റ വകുപ്പും ഉൾപ്പെടുത്താതിരുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു പറഞ്ഞതിൽ ആദ്യത്തെ വാചകം ഞാൻ നിഷേധിക്കുകയാണു്. ഈ റൂളുകളും മറ്റും മുൻഗവണ്മെൻറുകളുടെ കാലത്തു് നിലവിലിരുന്നതാണു്.

ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികൾ.

* 1365. [16] ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ എത്ര ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികൾ ഉണ്ടു് ;

(ബി) എത്ര കോടതികളിൽ ശിരസ്തദാർന്മാരുടെ തസ്തികകളുണ്ടു് ;

(സി) തലശ്ശേരി ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതിയിലെ ശിരസ്തദാർ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു് ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) ഒൻപതു്.

(ബി) ഓരോ ഡിസ്ട്രിക്റ്റിലുമുള്ള ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതികളിൽ ഉണ്ടു്. മലബാർ പ്രദേശത്തുള്ള മൂന്നു കോടതികളിൽനിന്നു ശിരസ്തദാർ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടു്.

(സി) തലശ്ശേരിയിൽ മാത്രമല്ല, മേൽപറഞ്ഞ മൂന്നു ശിരസ്തദാരന്മാരുടെ തസ്തിക എടുത്തുകളഞ്ഞിട്ടുണ്ടു്.

(ഡി) ഡിസ്ട്രിക്റ്റ് മുൻസിഫ് കോടതിയിൽ ഒരു ഹെഡ് ക്ലാർക്ക് മാത്രമേ അവശ്യമുള്ളു. ശിരസ്തദാരുടെ തസ്തിക ഇപ്പോൾ അവശ്യമില്ലാ എന്നു ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് വേണ്ടെന്നു വച്ചതു്. ഇപ്പോൾ ഹെഡ് ക്ലാർക്കിൻറെ ശമ്പളസ്കെയിൽ വർദ്ധിപ്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ശിരസ്തദാരന്മാർക്കുണ്ടായിരുന്ന ശമ്പളം തന്നെയാണോ ഇപ്പോഴും ഹെഡ് ക്ലാർക്കിനും കിട്ടിക്കൊണ്ടിരിക്കുന്നതെന്നറിയാമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ശിരസ്തദാർക്ക് കൊടുത്തിരുന്ന ശമ്പളം കൊടുക്കുന്നില്ല. ഇപ്പോൾ തിരുവിതാംകൂറിലെ ആർഡർ അനുസരിച്ചു കൊടുക്കണമെന്നു തീരുമാനിച്ചു. മജിസ്ട്രേട്ടുകോടതി ഹെഡ് ക്ലാർക്കിനും, മുൻസിഫ് കോടതി ഹെഡ് ക്ലാർക്കിന്റെ ശമ്പളസ്കെയിൽ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. അതിൽ കൂടുതൽ കിട്ടണം എന്നുള്ളതിനെ സംബന്ധിച്ചു നിവേദനം ഉണ്ടായിരുന്നു. അതേപ്പറ്റി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഇതു് ഒരു തരംതാഴ്ത്തലാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അവർക്ക് ഇന്നു കിട്ടിവരുന്ന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള ജോലികളിൽ അവരെ അഡ്ജസ്റ്റ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ശിരസ്തദാരും, ഹെഡ് ക്ലർക്കും ഉണ്ടായിരുന്ന കോടതികൾ ഉണ്ടായിരുന്നോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അതാണ് മദ്രാസ് പാറേറൻ. ടി. സി. എക്സിയിൽ ഉള്ളമാതിരി മതി എന്നു് ഇപ്പോൾ തീർച്ചയാക്കിയതാണ്.

എയിഡഡ് സ്കൂൾ ടീച്ചർമാർക്കുള്ള പെൻഷൻ.

* 1366. [17] ശ്രീമതി ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ, എ. പി. ടീച്ചർമാർക്കു് പെൻഷൻ അനുവദിച്ചുകൊണ്ടു് റിഓർഗനൈസേഷനു മുൻപു് മദ്രാസ് ഗവണ്മെന്റ് ഒരു പദ്ധതി നടപ്പിൽ വരുത്തിയിരുന്നുവോ ;

(ബി) വരുത്തിയിരുന്നു എങ്കിൽ ആ പദ്ധതിക്കു് പിന്നീടു കേരളാ ഗവണ്മെന്റും അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇപ്പോൾ സർവ്വീസിൽ ഇല്ലാത്ത പെൻഷനു് അർഹരായ ടീച്ചർമാർക്കു് പെൻഷൻ കൊടുക്കാത്തതിനു് കാരണമെന്തെന്നു് പറയുമോ ;

(ഡി) അർഹരായ എല്ലാവർക്കും പെൻഷൻ നൽകാൻ ഉടനടി നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉവ്വു്.

(ബി) ഉണ്ടു്.

(സി) അർഹരായവർക്കു് പെൻഷൻനൽകാൻ നടപടിചെയ്തിട്ടുണ്ടു്.

(ഡി) നടപടി ചെയ്തിട്ടുണ്ടു്.

ശ്രീമതി ശാരദാകൃഷ്ണൻ : റിഓർഗനൈസേഷനു മുൻപു് ഇവർക്കു് പെൻഷൻ ലഭിച്ചിരുന്നോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പെൻഷൻ ലഭിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly